കുറിപ്പുകൾ

അബ്ദുർറഹ്മാൻ കൊടിയത്തൂർ

# കശ്മീരിൽ സംഭവിക്കുന്നത്

**രണ്ടു** പതിറ്റാണ്ടു മുമ്പ് നമ്മുടെ ദേശീയ പത്രങ്ങളുടെ പ്രധാന തലക്കെട്ടുകളിൽ സ്ഥാനം പിടിച്ചിരുന്ന കശ്മീർ, വാർത്തകളുടെ സാധാരണത്വം മൂലം അകത്താളുകളിലേക്കും പിന്നെ വിസ്മൃതിയിലേക്കും തള്ളപ്പെട്ടിരിക്കുന്നു. ഏറെക്കാലം ഇന്ത്യാവിരുദ്ധരും പാക്കനുകൂലികളുമായ ഒരു ജനത എന്നായിരുന്നു മാധ്യമങ്ങൾ കശ്മീരികളെ പരിചയപ്പെടുത്തിയിരുന്നത്. 1986-ൽ, അത്ര സുഖകരമല്ലാത്ത ഒരന്തരീക്ഷത്തിലായിരുന്നു ഈ ലേഖകൻ കശ്മീർ സന്ദർശിച്ചത്. എന്നിട്ടും അശുഭകരമായ യാതൊന്നും ശ്രദ്ധയിൽ പെട്ടിരുന്നില്ല. വിദേശികളടക്കമുള്ള ടൂറിസ്റ്റുകൾ യഥേഷ്ടം സഞ്ചരിച്ചിരുന്നു താഴ്‌വരയിൽ. ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഹൗസിംഗ് ബോട്ടുകളിലുമൊക്കെ നല്ല തിരക്കനുഭവപ്പെട്ടിരുന്നു. ജമ്മുവിനും ശ്രീനഗറിനുമിടക്ക് യാത്രാ-ചരക്ക് വാഹനങ്ങൾ ഇടതടവില്ലാതെ ഓടുന്നുണ്ടായിരുന്നു.



■ ഷോപിയാൻ സംഭവത്തിൽ പ്രതിഷേധിക്കുന്ന കശ്മീരീ വനിതകൾ

അതിനിടക്ക് കേന്ദ്ര ഗവൺമെന്റ് ജമ്മു-കശ്മീർ ഗവൺമെന്റിനെ പിരിച്ചുവിട്ട് ജഗ്മോഹനെ ഗവർണറാക്കി നേരിട്ട് ഭരണം നടത്താനാരംഭിച്ചു. പിന്നെ താഴ്‌വരയിലെ സംഭവങ്ങൾ പുറത്തറിയുന്നത് ഔദ്യോഗിക വാർത്തകളായി മാത്രമാണ്. താഴ്‌വര തീർത്തും അശാന്തമായി. സി.ആർ.പി.എഫും ബി.എസ്.എഫുമൊക്കെ താഴ്‌വരയുടെ ഓരോ നൂറ് മീറ്ററിലും ബങ്കറുകൾ സ്ഥാപിച്ചു കാവലിരുന്നു.

സംസ്ഥാനത്ത് പി.ഡി.പിയും കോൺഗ്രസ്സും നാഷ്നൽ കോൺഗ്രസ്സും മാറി മാറി അധികാരത്തിൽ വന്നിട്ടും കശ്മീരികളെ ദേശീയധാരയിലെത്തിക്കാൻ ഭരണകൂടങ്ങൾക്കോ, അംഗീകരിക്കാൻ മാധ്യമങ്ങൾക്കോ സാധിച്ചില്ല. കേന്ദ്രത്തിൽ മാറി മാറി വന്ന ഗവൺമെന്റുകളും ഇന്ത്യയിലെങ്ങും നടക്കുന്ന ഭീകരാക്രമണങ്ങൾക്കും ബോംബ്സ്ഫോടനങ്ങൾക്കും പിന്നിൽ ഐ.എസ്.ഐയെയും അവരുടെ ചട്ടുകങ്ങളും ചാവേറുകളുമായ കശ്മീരികളെയുമാണ് പ്രതിക്കൂട്ടിൽ നിർത്തിയത്. ഇതിന് ആക്കം കൂട്ടുന്നതായിരുന്നു പാർലമെന്റ് ആക്രമണം.

ജമ്മുവിൽനിന്ന് ചെങ്കുത്തായ മലകളും കുന്നുകളും താണ്ടുന്ന സുദീർഘമായ ചുരം റോഡിലൂടെ പത്ത് മണിക്കൂറിലധികം യാത്ര ചെയ്യണം ശ്രീനഗറിലെത്താൻ. മലഞ്ചെരിവിലൂടെ വളഞ്ഞു പുളഞ്ഞൊഴുകുന്ന റോഡിലൂടെയുള്ള യാത്ര സംഭ്രമജനകവും എന്നാൽ ഏറെ ഹൃദ്യവുമായിരുന്നു. ഏതാണ്ട് നൂറ് കിലോമീ

**പി.ഡി.പി ചെയർപേഴ്സണും പ്രതിപക്ഷ നേതാവുമായ മഹ്ബൂബാ മുഫ്തി കശ്മീർ നിയമസഭയിൽ രണ്ടു ദിവസങ്ങളിലായി നടത്തിയ പ്രകടനം, കശ്മീരിൽ കാറ്റു മാറി വീശുന്നതിന്റെ സൂചനയായി വിലയിരുത്തപ്പെടുന്നു. രാഷ്ട്രീയക്കാർക്ക് ജനവികാരം മാനിക്കണമെന്ന ബോധോദയമുണ്ടാകുന്നത് ഏതായാലും ശുഭോദർക്കംതന്നെ.**

റ്റർ കഴിഞ്ഞതോടെ മട്ടും മാതിരിയും മാറുന്നതാണ് കാണാനായത്. ഓരോ 75 –100 മീറ്ററിലും പട്ടാള ബങ്കറുകളിൽ കാഞ്ചിയിൽ കൈവെച്ചു കാവലിരിക്കുന്ന പട്ടാളക്കാർ. വളവുകളിലും പോക്കറ്റു റോഡുകൾ ചേരുന്ന കവലകളിലും നിരവധി പട്ടാളക്കാർ അതീവ ജാഗ്രത പുലർത്തുന്നു. തലങ്ങും വിലങ്ങും പട്ടാള വണ്ടികൾ ഓടുന്നത് കാണാം. വളരെ അടിയന്തര ഘട്ടങ്ങളിലെന്ന പോലെ ഇരുപത്തിനാലു മണിക്കൂറും പട്ടാള ബൂട്ടുകൾക്കിടയിൽ ഞെരിഞ്ഞമരുന്ന ഒരു നാട്. ലോകത്തെവിടെയും ഇതിന് സമാനതകളുണ്ടെന്ന് തോന്നുന്നില്ല.

പുറംലോകത്തെ പ്രചാരണങ്ങൾ കൊണ്ടാവാം എവിടെയും സന്ദർശകർ വളരെ കുറവാണ്. കശ്മീരിന്റെ പ്രധാന വരുമാന സ്രോതസ്സായ ടൂറിസം ഏറക്കുറെ തകർന്നിരിക്കുന്നു.

രാജ്ഭവന്റെ മുമ്പിലൂടെയാണ് നിഷാദ്, തുലിപ്പ് ഗാർഡനുകളിലേക്കുള്ള വഴി. ബാരിക്കേഡുകൾക്കരികെ വണ്ടി നിർത്തിയപ്പോൾ പട്ടാള ഓഫീസർ ചോദിച്ചു: 'എവിടെ നിന്നാണ്?'

'പഞ്ചാബിൽനിന്ന്' എന്ന് ഡ്രൈവറും 'കേരളത്തിൽനിന്ന്' എന്ന് തൊട്ടു പിറകിലിരുന്ന എന്റെ മരുമകനും പറഞ്ഞത് ഒപ്പമായിരുന്നു. എന്നാൽ ഓഫീസർ ശ്രദ്ധിച്ചത് മുൻസീറ്റിലിരുന്ന് ഉർദു പത്രം വായിക്കുന്ന എന്നെയായിരുന്നു. എല്ലാം കൂടി പന്തിയില്ലെന്ന് കരുതിയ അദ്ദേഹം പുറത്തിറങ്ങാനാവശ്യപ്പെട്ടു. ഞാനദ്ദേഹത്തെ കാര്യം ബോധ്യപ്പെടുത്താൻ ശ്രമിച്ചു. കേരളത്തിൽ ഉർദു പ്രചാരത്തിലില്ലാതിരിക്കെ ഉർദു പത്രം എന്തിനു വാങ്ങി? ഓഫീസർക്ക് അറിയേണ്ട പ്രധാന കാര്യം അതായിരുന്നു. 'അങ്ങനെയൊരബദ്ധം പറ്റിപ്പോയി' എന്ന് പറയാനാണ് തോന്നിയത്. വേഷം ഷെർവാനിയും കൈയിൽ ഈത്തപ്പഴവും കൂടി ഉണ്ടായിരുന്നെങ്കിൽ രക്ഷപ്പെടുമായിരുന്നില്ല എന്നതാണ് കശ്മീരിലെ സ്ഥിതി.

താഴ്വരയിലെത്തുന്ന വാഹനങ്ങളെ, കിലോമീറ്ററുകൾക്കപ്പുറത്ത്നിന്ന് തന്നെ ടാക്സിക്കാരും ലോഡ്ജ്, ശിക്കാറ, ബോട്ട് ഹൗസ് തുടങ്ങിയവയുടെ ഏജന്റുമാരും സമീപിച്ച് വിലപേശിത്തുടങ്ങുന്നു. നേരത്തെ രണ്ടായിരവും അതിലധികവും ഈടാക്കിയിരുന്ന ഹൗസ് ബോട്ടുകൾ ഇപ്പോൾ സീസണിൽ നാനൂറ് അഞ്ഞൂറ് രൂപക്ക് ലഭിക്കുന്നു. ടൂറിസവുമായി ബന്ധപ്പെട്ട പതിനായിരങ്ങൾ മുഴുപട്ടിണിയിലാണ് ഇപ്പോൾ. പിടിച്ചുനിൽക്കുന്നത് ക്രിക്കറ്റുബാറ്റ് നിർമാണ തൊഴിലാളികളും തൊഴിലുടമകളും മാത്രമാണ്. ലോക വിപണിയിൽ വിൽപനയാകുന്ന ക്രിക്കറ്റുബാറ്റുകളിൽ ഏറെയും കശ്മീരിലാണുണ്ടാക്കുന്നത്. നിർമാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള ബാറ്റുകൾ പാതയോരങ്ങളിൽ ധാരാളമായി കാണാം.

കശ്മീരിൽ പലപ്പോഴും പ്രശ്നങ്ങളുണ്ടാക്കുന്നത് സുരക്ഷാ സൈനികരാണ്; അവ പർവതീകരിക്കുന്നത് മാധ്യമങ്ങളും. എവിടെയും ഭീകരരുടെ സാന്നിധ്യവും ബോംബ് സ്ഫോടനത്തിന് സാധ്യതയുമുണ്ടെന്ന് തോന്നലുണ്ടാക്കുന്ന അരക്ഷിത മേഖലയാക്കി താഴ്വരയെ മാറ്റിയിരിക്കുന്നു. ഇതിന് ആക്കം കൂട്ടുന്ന സംഭവമാണ് മെയ് മാസത്തിൽ ഷോപിയാനിൽ ഉണ്ടായത്.

### ഷോപിയാൻ സംഭവം

പതിനേഴുകാരിയായ ആസിയയും അവളുടെ സഹോദരൻ ഷക്കീൽ അഹ്മദിന്റെ ഗർഭിണിയായ ഭാര്യ നിലോഫറും മെയ് 29-ന് വൈകുന്നേരം നാലു മണിക്ക് സ്വന്തം കൃഷിസ്ഥലത്തേക്ക് പോയതായിരുന്നു. രാത്രിയായിട്ടും തിരിച്ചുവരാതായപ്പോൾ വീട്ടുകാർക്ക് ആധിയായി. എട്ട് മണിയോടെ തന്റെ കൂട്ടുകാരോടൊപ്പം ഷക്കീൽ അഹ്മദ് അവരെ തോട്ടത്തിലും പരിസരത്തുമൊക്കെ പരതിയെങ്കിലും കണ്ടുകിട്ടിയില്ല. ഇരുപതിലേറെ വർഷമായി താഴ്വരയിൽ സുരക്ഷാസൈനികരുടെ അതിക്രമം നടക്കുക പതിവായതിനാൽ അവരുടെ ആശങ്ക വർധിച്ചു.

രാത്രി പത്തു മണിക്ക് അവർ പോലീസിൽ പരാതി നൽകി. അപ്പോൾതന്നെ ഒരു സംഘം പോലീസുകാർ അന്വേഷണം നടത്തിയെങ്കിലും കണ്ടുകിട്ടിയില്ല. രാവിലെ ആറുമണിക്ക് വീണ്ടും തെരച്ചിൽ നടത്തിയപ്പോൾ, രമ്പിയാറാതോട്ടിൽ രക്തത്തിൽ കുളിച്ച നഗ്നമായ രണ്ട് മൃതദേഹങ്ങൾ കണ്ടെത്തി. യുവതികൾ വീട്ടിലേക്ക് തിരിക്കവെ, അതുവഴി സി.ആർ.പി.എഫിന്റെ വാഹനം കടന്നുപോയതായി ദൃക്സാക്ഷികൾ പറഞ്ഞതായി പത്രങ്ങൾ റിപ്പോർട്ട് ചെയ്തു. അതോടെ താഴ്വരയിലാകമാനം ജനങ്ങൾ പ്രതിഷേധവുമായി തെരുവിലിറങ്ങി. കടകമ്പോളങ്ങൾ അടച്ചു. കർഫ്യൂ പ്രഖ്യാപിക്കപ്പെട്ടു.

ഷോപിയാൻ ജില്ലാ ആശുപത്രിയിൽ മൃതദേഹങ്ങൾ പോസ്റ്റുമോർട്ടം ചെയ്തു. തോട്ടിൽ വീണ് വെള്ളം കുടിച്ച് മരിച്ചതാണെന്ന് റിപ്പോർട്ട് ചെയ്യാൻ പോലീസ് ഓഫീസർമാർ ഡോക്ടർമാരെ നിർബന്ധിച്ചെന്ന് വെളിപ്പെട്ടു. ജനങ്ങളുടെ ശക്തമായ സമരത്തിനൊടുവിൽ പൽമാര ജില്ലാ ആശുപത്രിയിലെ ഡോക്ടർമാരെ വരുത്തി റീപോസ്റ്റുമോർട്ടം നടത്താൻ ഭരണകൂടം നിർബന്ധിതമായി. രണ്ടു പേരും നിരവധി തവണ ബലാൽസംഗം ചെയ്യപ്പെട്ടുവെന്നും വെള്ളം കുടിച്ചല്ല മരിച്ചതെന്നും റിപ്പോർട്ട് വ്യക്തമാക്കി. മൃതദേഹം കുളിപ്പിച്ച സ്ത്രീകൾ അവരുടെ ശരീരത്തിൽ നിരവധി മുറികളും നഖക്ഷതങ്ങളുമുണ്ടായിരുന്നുവെന്നും വെളിപ്പെടുത്തി.

ജനകീയ പ്രക്ഷോഭം ശക്തമായതോടെ റിട്ട. ജസ്റ്റിസ് മുസഫർ ജാന്റെ നേതൃത്വത്തിൽ അന്വേഷണ കമീഷനെ നിയമിച്ചു. കമീഷൻ അന്വേഷണമാരംഭിച്ചപ്പോൾതന്നെ, അത് ശരിയായ ദിശയിലില്ലെന്ന് ബോധ്യമായ ജമ്മു-കശ്മീർ ഹൈക്കോടതിയിലെ അഭിഭാഷകർ, സ്വന്തം നിലക്ക് അന്വേഷണത്തിനായി കമ്മിറ്റിയെ നിയോഗിച്ചു. അൽപ ദിവസത്തിനകം അതിന്റെ റിപ്പോർട്ട് പ്രസിദ്ധീകരിക്കപ്പെട്ടു. സംഭവത്തിനു പിന്നിൽ സി.ആർ.പി.എഫ് ആണെന്ന് വ്യക്തമാക്കുന്ന തെളിവുകൾ റിപ്പോർട്ടിലുണ്ടായിരുന്നു. രാത്രി രണ്ടു മണിക്ക് ശേഷമാണ് മൃതദേഹങ്ങൾ തോട്ടിലേക്ക് വലിച്ചെറിഞ്ഞ

ത്. കാരണം നേരത്തേ അന്വേഷിച്ച ഷക്കീൽ അഹ്മദിനും കൂട്ടുകാർക്കും പോലീസ് സംഘത്തിനും ആ പ്രദേശത്ത് ഒന്നും കണ്ടെത്താനായിരുന്നില്ല. സി.ആർ.പി.എഫിന്റെ ക്യാമ്പും സെർച്ച് ലൈറ്റുമുള്ള ആ പ്രദേശത്ത് മറ്റാർക്കും ശവങ്ങളുമായി വന്നെത്താൻ സാധിക്കുമായിരുന്നില്ല. ഷക്കീൽ അഹ്മദും കൂട്ടുകാരും രാത്രി അവിടെ തെരച്ചിൽ നടത്തുന്നത് കണ്ടിട്ടും സി.ആർ.പി.എഫുകാർ അവരോട് ഒന്നും അന്വേഷിച്ചിരുന്നില്ല.

ഇതോടെ ചില പോലീസ് ഉദ്യോഗസ്ഥരെയും കോൺസ്റ്റബ്ൾമാരെയും സസ്പെന്റ് ചെയ്തു പ്രക്ഷോഭം തണുപ്പിക്കാൻ ഗവൺമെന്റ് ശ്രമിച്ചെങ്കിലും പ്രക്ഷോഭം രൂക്ഷമാവുകയാണുണ്ടായത്. 1990-ൽ കുനൽപോഷ് പുരയിൽ അമ്പത് സ്ത്രീകളെ കൂട്ടമായി പീഡിപ്പിച്ച സുരക്ഷാ സേനയുടെ പങ്കാളിത്തം സംശയിക്കപ്പെട്ടുവെങ്കിലും അതിലോ സമാനസംഭവങ്ങളിലോ ഇന്നുവരെയും ഒരാൾ പോലും ശിക്ഷിക്കപ്പെട്ടിട്ടില്ല എന്നതാണ് ജനകീയ പ്രക്ഷോഭം തുടരാൻ കാരണം.

ഏറ്റവുമൊടുവിൽ പി.ഡി.പി ചെയർപേഴ്സണും പ്രതിപക്ഷ നേതാവുമായ മഹ്ബൂബാ മുഫ്തി കശ്മീർ നിയമസഭയിൽ രണ്ടു ദിവസങ്ങളിലായി നടത്തിയ പ്രകടനം, കശ്മീരിൽ കാറ്റു മാറി വീശുന്നതിന്റെ സൂചനയായി വിലയിരുത്തപ്പെടുന്നു. രാഷ്ട്രീയക്കാർക്ക് ജനവികാരം മാനിക്കണമെന്ന ബോധോദയമുണ്ടാകുന്നത് ഏതായാലും ശുഭോദർക്കംതന്നെ.

ഇന്ത്യയിലെയും പാകിസ്താനിലെയും രാഷ്ട്രീയ ഭിക്ഷാംദേഹികളും വർഗീയ ഫാഷിസ്റ്റുകളും താഴ്വരയിൽ ശാന്തി പുലർന്നു കാണാൻ ആഗ്രഹിക്കുന്നില്ല. കശ്മീരിനെ വേണം, കശ്മീരികളെ വേണ്ട എന്നതാണ് അവരുടെ ഉള്ളിലിരിപ്പ്. ചുരുക്കം ചില കശ്മീരികളെ തങ്ങളുടെ ചട്ടുകങ്ങളും ചാവേറുകളുമായി അവർ ഉപയോഗിക്കുകയും ചെയ്യുന്നു. ഗൾഫ്നാടുകളിലും ഷിംലയിലും ഇങ്ങ് തിരുവനന്തപുരത്തും കഠിനാധ്വാനം ചെയ്യുന്ന നൂറുക്കണക്കിന് കശ്മീരികൾക്ക് സ്വന്തം നാടിന്റെ നല്ല ഇന്നലെകളെപ്പറ്റി പറയാൻ ആയിരം നാവാണ്. അശാന്തമായ ഇന്നും ആശങ്കളുണ്ടാക്കുന്ന നാളെയുമാണ് അവരുടെ കണ്ണുകളെ നനക്കുന്നത്.

പട്ടാളത്തിനും പോലീസിനും നൽകിയ അമിതാധികാരവും ആവശ്യത്തിലധികമുള്ള സുരക്ഷാ സേനാ വിന്യാസവും പിൻവലിച്ച്, രാഷ്ട്രീയ പാർട്ടികളുടെ നിരോധനം നീക്കി, ജനങ്ങളെ വിശ്വാസത്തിലെടുത്താൽ തീർച്ചയായും കശ്മീരിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാവും. അല്ലാതെ 'ലൗടാ ദോ ജന്നത്ത് ഹെ മേരീ' എന്ന് പാടിയത് കൊണ്ട് ഫലമില്ല. ■